ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ വിളിച്ചിട്ടില്ല.
(ബി) ഉണ്ട്. ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വക്കം പണയിൽ കടവിലെ പാലത്തിന്റെ നിർമ്മാണം

88. [1910] ശ്രീ. ടി. ശരത്ചന്ദ്രപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം പണയിൽ കടവിലെ പാലത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ പേരിൽ പ്രസ്തുത പാലത്തിന്റെ പണി കോർപ്പറേഷനിൽ നിന്നും മാറ്റി റീ ടെണ്ടർ ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ എടുത്ത തീരുമാനം എന്താണ്;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്
(ബി) ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.
(ഡി) പാലം പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമായി പറയാൻ ഇപ്പോഴും നിർവ്വാഹമില്ല.

ഒല്ലൂരിലെ റെയിൽവേ മേൽപ്പാലം

89. [1912] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂരിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിർമ്മാണ ചിലവ് വഹിക്കുന്നത് ആരാണ്;

(ബി) എന്നത്തേക്ക് റെയിൽവേ മേൽപ്പാലത്തിന്റെ പണി പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; എവിടെയാണ് പാലം പണിയുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഒല്ലൂർ സ്റ്റേഷനു സമീപം റെയിൽവേ കി.മി. 39/13-14-ൽ ഒരു റോഡ് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതിന്റെ നിർമ്മാണ ചെലവ് റെയിൽവേയും സംസ്ഥാന സർക്കാരും തുല്യമായാണ് വഹിക്കേണ്ടത്. പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly